DESPATCHED
24/5/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## AP.No.1351 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 12503/SIC-G4/2021)
## സന്നിഹിതൻ

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീ. എം. ഷാജഹാൻ,
ഷജിന മൻസിൽ,
കുന്നുമുകൾ, കന്യാകുളങ്ങര,
വെമ്പായം പി.ഒ.,
തിരുവനന്തപുരം – 695 615.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   അണ്ടർ സെക്രട്ടറി,
   വ്യവസായ (കെ)വകുപ്പ്,
   ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
2. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ്,
   അങ്കമാലി സൗത്ത്, എറണാകുളം – 683 573.
3. അപ്പീൽ അധികാരി &,
   കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ്,
   അങ്കമലി സൗത്ത്, എറണാകുളം – 683 573.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി 8.12.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി 25.6.2021-ന് രണ്ടാം എതിർകക്ഷിക്ക് അയച്ചു കൊടുത്തിരുന്ന വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും രണ്ടാം എതിർകക്ഷി നൽകിയിരുന്നില്ല എന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയോടും, ടി അപേക്ഷ സ്വീകരിച്ച് കാലതാമസം വരുത്തി 2.11.2021-ന് മറുപടി നൽകിയ മൂന്നാം എതിർകക്ഷിയോടും വിശദീകരണം ഹാജരാക്കണമെന്നും, 2.11.2021-ന് നൽകിയ മറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്ന് മൂന്നാം എതിർകക്ഷിയോടും കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശപ്രകാരം മൂന്നാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടി സ്ഥാപനത്തിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇല്ലെന്ന് 7.12.2021-ലെ ഹിയറിംഗ് വേളയിൽ മുഖ്യവിവരാവകാശ

കമ്മീഷണറെ അറിയിച്ചിരുന്നതാണെന്നും, അടിയന്തിരമായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ നിയമിക്കണമെന്നുള്ള കമ്മീഷൻ നിർദ്ദേശത്തെ തുടർന്ന് 7.12.2021-ന് തന്നെ പി.ഐ.ഒ.യെ നിയമിച്ച് ഉത്തരവായിട്ടുള്ളതാണെന്നും 25.6.2021-ന് ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി 2.11.2021-ന് മറുപടി നൽകാൻ ഇടയായത് പ്രസ്തുത കാലയളവിൽ വിവരാവകാശം കൈകാര്യം ചെയ്തിരുന്ന ഓഫീസർക്ക് കോവിഡ് പിടിപെട്ട് ശാരീരിക അസ്വസ്ഥത വന്നതിനാലാണെന്നും മേൽ വീഴ്ച മന:പൂർവ്വം സംഭവിച്ചതല്ലെന്നുമാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. എന്നിരുന്നാലും കമ്മീഷൻ നിർദ്ദേശിച്ചത് പ്രകാരം അന്നേ ദിവസം തന്നെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളത് പരിഗണിച്ചും, 4.1.2022-ന് രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളത് കണക്കിലെടുത്തും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതെ വിവരാവകാശ അപേക്ഷകളും/അപ്പീൽ അപേക്ഷകളും കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് 2, 3 എതിർകക്ഷികൾക്ക് നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

Shi